LIBRARY ARCHIVES Kerala Legislative Assembly

കരുവന്നൂർ-എട്ടുമുനയിൽ സുബിന്റെ കൊലപാതകം സംബന്ധിച്ച കേസ്

18 [2498] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചേർപ്പ് പോലീസ് സ്റ്റേഷന തിർത്തിയിൽ കരുവന്നൂർ-എട്ടുമുനയിൽ ധർമ്മപാലന്റെ മകൻ സുബിന്റെ കൊലപാതകം സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) ഡൽഹിയിൽ വച്ച് കൊലചെയ്യപ്പെട്ട സുബിന്റെ കേസന്വേഷണം ഡൽഹി പോലീസ് പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) സി.ബി.ഐ. അന്വേഷണം നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡൽഹിയിൽ അഗ്രസേൻ എന്ന സ്ഥലത്തുവച്ച് ആരോ തോക്കുകൊണ്ട് വെടിവച്ച് കൊലപ്പെടുത്തിയ കരുവന്നൂർ-എട്ടുമുനയിൽ ധർമ്മപാലന്റെ മകൻ സുബിന്റെ മരണത്തെ സംബന്ധിച്ചുള്ള ഡൽഹി പോലീസിന്റെ അന്വേഷണത്തിൽ സുബിന്റെ ബന്ധുക്കൾ തൃപ്തരല്ലാത്തതിനെ തുടർന്ന് ഡൽഹിയിൽനിന്നും കൊണ്ടുവന്ന സുബിന്റെ മൃതദേഹം, തൃശ്ശൂർ എം.സി.എച്ച്.-ൽവച്ച് വീണ്ടും ചേർപ്പ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇൻക്വസ്റ്റ് തയ്യാറാക്കി പോസ്റ്റ്മോർട്ടം ചെയ്യിപ്പിച്ച കാര്യത്തിന് ചേർപ്പ് പോലീസ് സ്റ്റേഷൻ ക്രൈം 44/2000/യു.സി. സസ്പീഷ്യസ് ഡെത്ത് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിലും പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറോട് ചോദിച്ചതിലും മരണകാരണം 'Deceased died due to shot gun injury sustained' എന്നു പറഞ്ഞിട്ടുള്ളതിനാൽ ടി കാര്യം അന്നത്തെ ജില്ലാ പോലീസ് സൂപ്രണ്ട് മുഖേന ഡൽഹി പോലീസിനെ അറിയിക്കുകയും ആയത് പ്രകാരം ഡൽഹി, കാശ്മീരി ഗേറ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 75/2000 യു/എസ് 302 ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശാനുസരണം എഫ്.ഐ.ആർ. ഇൻക്വസ്റ്റ് റിപ്പോർട്ട് പി.എം.സി. ഡോക്ടറുടെ സ്റ്റേറ്റ്മെന്റ് എന്നിവ ഡൽഹി പോലീസിന് കൈമാറിയിട്ടുള്ളതും തുടർന്ന് ഈ കേസിന്റെ അന്വേഷണം ഡൽഹി പോലീസിന് നടത്തുന്നതിനായി 7-2-2000 തീയതി ബഹുമാനപ്പെട്ട കോടതിമുമ്പാകെ ഈ കേസ് എഫ്.എ.ഡി. ആയി പരിഗണിക്കുന്നതിന് റിപ്പോർട്ട് കൊടുത്തിട്ടുള്ളതുമാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ഡൽഹി പോലീസാണ് നിർവ്വഹിച്ചുവരുന്നത്.